**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2775** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകളുടെ നാശനഷ്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2018-ലെ പ്രളയം മൂലമുണ്ടായിട്ടുള്ള കാർഷിക വിളകളുടെ നാശനഷ്ടങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ; ഇവയ്ക്ക് വിള ഇൻഷ്വറൻസ് പരിരക്ഷയും, നഷ്ടപരിഹാരത്തുകയും വിതരണം ചെയ്യുന്നതു പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എ) | 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭം മൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ വിളകൾക്കുണ്ടായ നാശനഷ്ടം 18545.25 കോടി രൂപ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ മൂലം കൃഷി ഭൂമിയ്ക്കുണ്ടായ നാശം 326.25 കോടി രൂപ, കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം 130.34 കോടി രൂപ എന്നിവ ഉൾപ്പെടുന്നു. 2018-19ൽ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 17579 ലക്ഷം രൂപയും, എസ്.ഡി.ആർ.എഫ്-ൽ നിന്ന് 11598.8514 ലക്ഷം രൂപയും അനുവദിച്ചു. എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം പ്രളയത്തിന്റെ കുടിശ്ശികയുണ്ടായിരുന്ന 175.0473 ലക്ഷം രൂപയും ഇപ്പോൾ 2021-22ലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2018-19ൽ 3996.47315 ലക്ഷം രൂപയും, കുടിശ്ശിക നൽകുവാനുണ്ടായിരുന്ന 2037 ലക്ഷം രൂപ 2019-20ലും അനുവദിച്ചു. |

സെക്ഷൻ ഓഫീസർ